**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 206** **30-07-2021 - ൽ മറുപടിയ്ക്ക്**

**പട്ടികജാതി-പട്ടികവർഗ്ഗവിഭാഗത്തിലെ സ്ത്രീകളുടെ ഉന്നമനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി ഒ എസ് അംബിക,<br>ശ്രീ. എം. എം. മണി,<br>ശ്രീമതി ശാന്തകുമാരി കെ.,<br>ശ്രീ ഒ . ആർ. കേളു** | | **Shri K. Radhakrishnan<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി )** | |
| (എ) | സംസ്ഥാനത്തെ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിലെ സ്ത്രീകളെ മുഖ്യധാരയിലേക്ക് കൊണ്ടുവരുന്നതിനായി നടത്തിവരുന്ന പ്രവർത്തനങ്ങൾ പര്യാപ്തമാണോയെന്നറിയിക്കാമോ; | (എ) | പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിലെ സ്ത്രീകളുടെ ശാക്തീകരണത്തിനായി അവരുടെ വിദ്യാഭ്യാസ യോഗ്യതയ്ക്കും അഭിരുചിയ്ക്കും അനുയോജ്യമായ വിവിധങ്ങളായ പദ്ധതികളാണ് സർക്കാർ ആവിഷ്ക്കരിച്ച് നടപ്പിലാക്കുന്നത്. പദ്ധതികളെ ക്കുറിച്ചുള്ള വിശദ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (ബി) | പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിലെ യുവതികൾക്ക് നൽകിവരുന്ന വിവാഹ ധനസഹായം വർദ്ധിപ്പിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; | (ബി) | ഇക്കാര്യം സർക്കാർ പരിശോധിച്ചുവരുന്നു |
| (സി) | അവിവാഹിത അമ്മമാരെ വിധവകളുടെ പട്ടികയിൽ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോയെന്നറിയിക്കാമോ; | (സി) | ഇക്കാര്യത്തിൽ നിലവിൽ തീരുമാനമൊന്നും എടുത്തിട്ടില്ല. |
| (ഡി) | ഇത്തരം യുവതികൾക്ക് ഉന്നത വിദ്യാഭ്യാസം നേടുന്നതിനും സർക്കാർ സർവ്വീസ് കരസ്ഥമാക്കുന്നതിനും ആവശ്യമായ പരിശീലനവും പഠന സൗകര്യങ്ങളും സ്ഥിരമായി ഏർപ്പെടുത്തുന്നത് പരിഗണിക്കുമോ? | (ഡി) | അവിവാഹിതരായ അമ്മമാർക്ക് അനുയോജ്യമായ നൈപുണ്യ പരിശീലനം നൽകി തൊഴിൽ ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

പട്ടികജാതി വിഭാഗത്തിൽപ്പെട്ട പെൺകുട്ടികളുടെ സമഗ്ര ഉന്നമനത്തിനായി, സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന ഒരു ലക്ഷം രൂപ വരെ വരുമാനപധിയുള്ള മാതാപിതാക്കളുടെ പെൺകുട്ടികൾക്ക് വാത്സല്യനിധി എന്ന ഇൻഷുറൻസ് അധിഷ്ഠിത സമഗ്ര വികസന പദ്ധതി നടപ്പിലാക്കുവരുന്നു. പട്ടികജാതി വികസന വകുപ്പും LIC of India-യും സംയുക്തമായി നടപ്പിലാക്കുന്ന ടി പദ്ധതിയ്ക്ക് പട്ടികജാതി വികസന വകുപ്പ് 1,38,000/-രൂപ 4 ഗഡുക്കളായി പെൺകുട്ടികളുടെ പേരിൽ നിക്ഷേപിക്കുന്നു. പെൺകുട്ടിയ്ക്ക് 18 വയസ്സ് പൂർത്തിയാകുമ്പോൾ 3,00,000/-രൂപ നൽകുന്നു. 2017-18, 2018-19, 2019-20, 2020-21, 2021-22 എന്നീ സാമ്പത്തിക വർഷങ്ങളിൽ ആദ്യ ഗഡു തുകയായ 39,000/-രൂപ നിരക്കിൽ 13585 പെൺകുട്ടികൾക്ക് 52,97,37,000/-രൂപ എൽ.ഐ.സി-യ്ക്ക് അനുവദിച്ചു നൽകിയിട്ടുണ്ട്.

പട്ടികജാതി വിഭാഗത്തിൽപ്പെട്ട കുടുംബങ്ങളിലെ പെൺകുട്ടികളുടെ വിവാഹ ധനസഹായമായി 75,000/-രൂപയാണ് അനുവദിച്ചുവരുന്നത്. പട്ടികജാതി വിഭാഗത്തിൽപ്പെടുന്ന പെൺകുട്ടികൾക്കായി സൗജന്യ ഭക്ഷണ താമസ സൗകര്യം ഒരുക്കി 8 പോസ്റ്റ് മെട്രിക് ഹോസ്റ്റലുകൾ പ്രവർത്തിച്ചുവരുന്നു. പട്ടികജാതി വിഭാഗത്തിൽപ്പെട്ട യുവതി യുവാക്കൾക്ക് തൊഴിൽ ലഭ്യമാക്കുന്നതിനായി നൈപുണ്യ വികസന പദ്ധതി പ്രകാരം 2019-2020 സാമ്പത്തിക വർഷം വനിത വികസന കോർപ്പറേഷന്റെ ട്രെയിനിംഗ് ഏജൻസിയായ REACH എന്ന സ്ഥാപനം മുഖേന വനിതകൾക്ക് പരിശീലനം നൽകുന്നതിന് തുക അനുവദിച്ചിരുന്നു.

പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട സർക്കാർ ജീവനക്കാരായ സ്ത്രീകൾക്കും വിദ്യാർത്ഥിനികൾക്കുമായി തിരുവനന്തപുരത്ത് പേരൂർക്കടയിൽ വർക്കിംഗ് വിമൻസ് ഹോസ്റ്റൽ പ്രവർത്തനമാരംഭിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ വിവിധ സാമ്പത്തിക വിദ്യാഭ്യാസ സാമൂഹ്യ ക്ഷേമ പദ്ധതികൾ മുഖേന സ്ത്രീ പുരുഷ ഭേദമില്ലാതെ ആനുകൂല്യങ്ങൾ അനുവദിക്കുന്നുണ്ട്.

പട്ടികവർഗ്ഗ വിഭാഗത്തിലെ സ്ത്രീകളെ മുഖ്യധാരയിലേയ്ക്ക് കൊണ്ടുവരുന്നതിന് വിദ്യാഭ്യാസം നേടിയ വനിതകൾക്ക് ആധുനിക തൊഴിൽ മേഖലകളിലും, പരമ്പരാഗത തൊഴിൽ മേഖലകളിലും പരിശീലനം നൽകി അതാത് മേഖലകളിൽ പ്രവർത്തിക്കുന്ന തൊഴിൽ ശാലകളിലും ഉൽപ്പാദന മേഖലകളിലും ജോലി ലഭിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തിവരുന്നുണ്ട്. കോളനികളിൽ നിന്നും പുറത്തുപോയി ജോലി ചെയ്യാൻ താല്പര്യമില്ലാത്തവരും താരതമ്യേന വിദ്യാഭ്യാസം

കുറഞ്ഞവരുമായ യുവതികൾക്ക് തയ്യൽ പരിശീലനം നൽകി അവർക്ക് അപ്പാരൽ പാർക്കുകൾ പോലെയുള്ള സ്ഥാപനങ്ങൾ ആരംഭിച്ച് തൊഴിൽ നൽകിവരുന്നു. പരമ്പരാഗത കാർഷിക മേഖലയിൽ വനിതകൾക്ക് പ്രത്യേക പരിശീലനം നൽകി സ്ഥിര വരുമാനം ഉറപ്പാക്കുന്നതിനും സർക്കാർ അനുയോജ്യമായ പ്രവർത്തനങ്ങൾ നടപ്പിലാക്കിവരുന്നു.

**സെക്ഷൻ ഓഫീസർ**